**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5121** **20-07-2022 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി ഹജ്ജൂർ കച്ചേരി ജില്ലാ പൈതൃക മ്യൂസിയത്തിനുള്ളിലെ ശവക്കല്ലറകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി ഹജ്ജൂർ കച്ചേരി ജില്ലാ പൈതൃക മ്യൂസിയത്തിനുള്ളിലെ ശവക്കല്ലറകൾ സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ടതാണോ; വിശദമാക്കാമോ; | (എ) | തിരൂരങ്ങാടി ഹജ്ജൂർകച്ചേരി വളപ്പിൽ (പഴയ താലൂക്ക് ഓഫീസ് കെട്ടിടം നിലനിൽക്കുന്ന വളപ്പിൽ) വില്യം ജോൺ ഡങ്കൻ റൗളിയുടെ ശവകുടീരം സ്ഥിതി ചെയ്യുന്നുണ്ട്. വില്യം ജോൺ ഡങ്കൻ റൗളി പാലക്കാട്ടെ പോലീസ് അസ്സിസ്റ്റന്റ് സൂപ്രണ്ട് ആയി ജോലി നോക്കവെ 20-8-1921-ൽ തിരൂരങ്ങാടിയിൽ വച്ച് സ്വാതന്ത്ര്യ സമരസേനാനികളുമായുണ്ടായ ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടുകയാണ് ഉണ്ടായതെന്ന് രേഖകൾ പറയുന്നു. തിരൂരങ്ങാടി ഹജ്ജൂർകച്ചേരി വളപ്പിലാണ് ടിയാന്റെ ഭൗതിക ശരീരം അടക്കം ചെയ്തത്. |
| (ബി) | പ്രസ്തുത ശവക്കല്ലറകളിൽ അടക്കം ചെയ്യപ്പെട്ടവർ എങ്ങിനെയാണ് മരണപ്പെട്ടതെന്നും അവരുടെ സ്ഥാനമാനങ്ങൾ സംബന്ധിച്ച വിശദവിവരങ്ങളും ലഭ്യമാക്കാമോ; | (ബി) | തിരൂരങ്ങാടി ഹജ്ജൂർകച്ചേരി വളപ്പിൽ (പഴയ താലൂക്ക് ഓഫീസ് കെട്ടിടം നിലനിൽക്കുന്ന വളപ്പിൽ) വില്യം ജോൺ ഡങ്കൻ റൗളിയുടെ ശവകുടീരം സ്ഥിതി ചെയ്യുന്നുണ്ട്. വില്യം ജോൺ ഡങ്കൻ റൗളി പാലക്കാട്ടെ പോലീസ് അസ്സിസ്റ്റന്റ് സൂപ്രണ്ട് ആയി ജോലി നോക്കവെ 20-8-1921-ൽ തിരൂരങ്ങാടിയിൽ വച്ച് സ്വാതന്ത്ര്യ സമരസേനാനികളുമായുണ്ടായ ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടുകയാണ് ഉണ്ടായതെന്ന് രേഖകൾ പറയുന്നു. തിരൂരങ്ങാടി ഹജ്ജൂർകച്ചേരി വളപ്പിലാണ് ടിയാന്റെ ഭൗതിക ശരീരം അടക്കം ചെയ്തത്. |
| (സി) | പ്രസ്തുത ശവക്കല്ലറകൾ പരിപാലിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ; | (സി) | പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ ടി ശവക്കല്ലറ വകുപ്പ് തന്നെയാണ് സംരക്ഷിച്ച് പോരുന്നത്. |
| (ഡി) | ഇവയെ പരിപാലിക്കുന്നതിന് എല്ലാ വർഷവും ഇംഗ്ലണ്ടിൽ നിന്നും ഒരു ആരാധനാലയം വഴി പണം വരുന്നതും സർക്കാരിന്റെ അനുമതി കൂടാതെ പരിപാലന പ്രവൃത്തികൾ നടത്തുന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് നിയമപരമാണോ; വിശദ വിവരം ലഭ്യമാക്കാമോ; | (ഡി) | ഈ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

| | | | |
|---|---|---|---|
| (ഇ) | തിരൂരങ്ങാടി മണ്ഡലത്തിൽ ഇത്തരത്തിലുള്ള എത്ര ശവക്കല്ലറകൾ ഉണ്ടെന്ന് വിശദമാക്കാമോ? | (ഇ) | തിരൂരങ്ങാടി മണ്ഡലത്തിൽ, ഇത്തരത്തിലുള്ള മറ്റ് ശവക്കല്ലറകളൊന്നും പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ